## ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടിക്രമം

**(സാന്നിദ്ധ്യം: ശ്രീ.കെ.പദ്മകുമാർ, ഐ.പി.എസ്)**

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* – ജീവനക്കാര്യം – സർക്കാർ നിർദ്ദേശമനുസരിച്ച് ഓഫീസ് അറ്റൻന്റമാരെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. 21.12.2017-ലെ സി1/1356/2017-ട്രാൻസ് നമ്പർ സർക്കാർ കത്ത്
2. 03.01.2018-ലെ ജി5/ഇ-48325/17/റ്റിസി നമ്പർ അനൌദ്യോഗിക കുറിപ്പ്

**ഉത്തരവ് നം എ4/20634/2014/റ്റിസി തീയതി 20/02/2018**

കോഴിക്കോട് ആർ.ടി.ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടിൽ വിജിലൻസ് ഡയറക്ടർ നൽകിയ ശിപാർശ അംഗീകരിച്ചുകൊണ്ട് കോഴിക്കോട് ആർ.ടി.ഓഫീസിലെ ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ.എം.രാജേഷ്, ശ്രീ.സി.ജിനേഷ് എന്നിവരെ മേഖലവിട്ട് സ്ഥലം മാറ്റുന്നതിന് സൂചന 1 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുതാല്പര്യം മുൻനിർത്തി ശ്രീ.എം.രാജേഷിനെ മണ്ണാർക്കാട് സബ് ആർ.ടി.ഓഫീസിൽ നിലവിലുള്ള ഒഴിവിലേക്കും, ശ്രീ.സി.ജിനേഷിനെ തൃശ്ശൂർ ആർ.ടി.ഓഫീസിലേയ്ക്കും സ്ഥലംമാറ്റി ഉത്തരവാകുന്നു. തൃശ്ശൂർ ആർ.ടി.ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.പി.ജെ.ജെയ്ജോയെ താൽക്കാലികമായി പാലക്കാട് ആർ.ടി.ഓഫീസിലേയ്ക്കും പാലക്കാട് ആർ.ടി.ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.എ.സന്തോഷ്കുമാറിനെ കോഴിക്കോട് ആർ.ടി.ഓഫീസിലെക്കും മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

മേൽ പറഞ്ഞ ഉദ്യോഗസ്ഥരെ അവരവരുടെ നിലവിലുള്ള സ്റ്റേഷനിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതിയും, പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട മേലധികാരികൾ താമസംവിനാ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)
2. ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
3. ബന്ധപ്പെട്ട ആർ.ടി.ഓഫീസർ/ജോയിന്റ് ആർ.ടി.ഓഫീസർ
4. ജൂനിയർ സൂപ്രണ്ട്, എസ്.എസ്.ജി- ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

അംഗീകാരത്തോടെ,

21.2.18

സീനിയർ സൂപ്രണ്ട്

21.2.18